ശ്രീ. സി. കേശവൻ: ഈ അദ്ധ്യാപകന്മാരുടെ ശമ്പളത്തെസംബന്ധിച്ചി ടത്തോളം ഗവണ്മെൻറ നിശ്ചയിക്കുന്ന ശമ്പളം കൊടുക്കുന്നതിനു അവർ തയാ റാകണം.

പട്ടികജാതി വിദ്യാർത്ഥികൾക്കു് ലഭിക്കുന്ന സഹായധനം

* ൧൯൩. (൪) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോ ദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പ റയുമോ.

(എ) വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതിയിൽ പ്പെട്ട വിദ്യാർത്ഥികൾക്കു് ഇന്നു ലഭിക്കുന്ന സഹായധനം അവരുടെ ആവശ്യങ്ങ ൾക്കു് മതിയാകുന്നില്ല എന്നു് വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചി ട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തുനടപടി നടത്തി എന്നു പറയുമോ;

(ബി) പിന്നോക്കസമുദായ ക്രിസ്ത്യാനികളിൽനിന്നും ഹിന്ദുക്കളായി പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളവരിൽനിന്നും ഫീസ് ഈടാക്കിയിട്ടുണ്ടോ? അ ങ്ങിനെ പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളവർക്കും വിദ്യാർത്ഥിവേതനം നൽകിയിട്ട ുണ്ടോ എന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ).

(എ) ഉണ്ടു്.

സർവ്വസാധാരണമായി സഹായധനം വർദ്ധിപ്പിക്കേണ്ടതില്ലെന്നു നിശ്ചയി ച്ചിട്ടുണ്ടു്.

(ബി) അവരിൽനിന്നും ഫീസ് ഈടാക്കിയിട്ടുണ്ടായിരിക്കാം. എ ന്നാൽ പിന്നിടു് പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കു് സ്കൂളുകളി ലോ കാളേജുകളിലോ പഠിക്കുന്നതനുസരിച്ചു മുഴുവൻ ഫീസ് സൗജന്യമോ വി ദ്യാർത്ഥിവേതനമോ നൽകിയിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി. അവരിൽനിന്നും മുഴുവൻ ഫീസും ഈടാ ക്കിവരുന്നതിനെപ്പറ്റി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ. അങ്ങിനെ പരാതികൾ ലഭിച്ചിട്ടുള്ളതായി അറി വില്ല. മുഴുവൻ ഫീസും ഈടാക്കിയിട്ടുണ്ടെങ്കിൽ ഈടാക്കിയിട്ടുള്ള ഫീസ് തി രിച്ചുകൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാം.

ഹരിജൻ വിദ്യാർത്ഥികളുടെ താമസം

* ൧൯൪ (൫) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി. താഴെപറയുന്ന ചോ ദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവനന്തപുരം ഹിന്ദുമഹിളാമന്ദിരം, ആനന്ദനിലയം, ശ്രീരാ മകൃഷ്ണാശ്രമം മുതലായ സ്ഥാപനങ്ങളിൽ ഹരിജൻ വിദ്യാർത്ഥികളെ താമസി പ്പിച്ചുവരുന്നതായി ഗവണ്മെൻറിനു അറിയാമോ;

(ബി) ഈ സ്ഥാപനങ്ങൾ പിന്നോക്കസമുദായങ്ങളുടെ വിദ്യാഭ്യാസപ രമായ കാര്യങ്ങളിൽ സഹായകമായിരുന്നതായി ഗവണ്മെൻറിനു ബോദ്ധ്യപ്പെ ട്ടിട്ടുണ്ടോ;

(സി) ഈ സ്ഥാപനങ്ങൾക്കു മുൻ ഗവണ്മെൻറ് ചെയ്തിരുന്ന സഹായ ങ്ങൾ ജനകീയഗവണ്മെൻറ് പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പിൻവലിക്ക വാനുണ്ടായ സാഹചര്യങ്ങളെന്തെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ). (എ) അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഹരിജനങ്ങളെ ഉദ്ധരിക്കുന്നതിനെന്നുള്ള അവകാശത്തിന്മേൽ പല സ്ഥാപനങ്ങളും ഫസ്റ്റ് ടു ഫിഫ്ത് മാണ്ടുവരെ പിന്നോക്കസമുദായോന്നമന ഡിപ്പാർട്ടുമെന്റിൽനിന്നും ഗ്രാന്റുകളും വാങ്ങിക്കൊണ്ടിരുന്നു. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പിനേയും പ്രയോജനത്തേയും കുറിച്ചു ആലോചിച്ചതിനുശേഷം വേണം ഗ്രാന്റുകളും തുടരുവാനെന്നു ഫസ്റ്റ് ടു ഫിഫ്ത് ൽ കൂടിയ അഡൈസറി കമ്മറ്റി ശുപാർശചെയ്തു. ഇതനുസരിച്ചാണ് ചോദ്യത്തിൽ പ്രസ്താവിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ ഗ്രാന്റുകളും മറ്റു സ്ഥാപനങ്ങളുടേതിനോടൊപ്പം നിറുത്തുവാനിടയായതു്. തദനന്തരം ഗവൺമെന്റു നിയോഗിച്ച ഒരു കമ്മറ്റി ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പിനേയും പ്രയോജനത്തേയും പറ്റി അന്വേഷിച്ചു റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടു്. ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങളെ സംബന്ധിച്ചു് ഗവൺമെന്റു് ഇപ്പോൾ ആലോചിച്ചുവരികയാണു്:

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി. ഈ സ്ഥാപനങ്ങൾക്കു് ഗ്രാന്റു കൊടുക്കുന്നതിനെപ്പറ്റി ഗവൺമെന്റു ആലോചിക്കുമോ?

ശ്രീ. സി. കേശവൻ. അതു് അഡൈസറി ബോർഡിന്റെ ആലോചനക്കു വച്ചിരിക്കയാണു്. ബഹു. മെമ്പർ അഡൈസറി ബോർഡിലെ ഒരംഗവുമാണല്ലോ.

ADMISSION TO THE ENGINEERING COLLEGE

*195. [7] **Sri. D. Gnanasigamoni:** Will the hon. Minister for Education be pleased to state the principles followed in the matter of admission of students to the Engineering College, Trivandrum?

Minister for Education and Revenue **(Sri. L. M. Pylee):**

Admissions to the Engineering College are made on the basis of marks secured by the candidate in the University Examination, Entrance Examination and at the Intermediate Examination. Marks awarded at the interview are added on to the marks obtained for the academic performance plus marks for entrance examination. As many candidates as are required are selected on the basis of total marks. Regarding reservation of seats to backward communities no definite number has been allotted.

ശ്രീ. കെ. ആർ. ഇലങ്കത്തു്. മെഡിക്കൽ കോളേജിലേക്കുള്ള പ്രവേശനത്തിനു് വൈവാവോസിപരീക്ഷ ഇല്ലാതിരുന്നതുപോലെ ഇഞ്ചിനീയറിംഗ് കോളേജിലേക്കുള്ള പ്രവേശനത്തിനും അതു വേണ്ടെന്നു വച്ചുകൂടേ?

Sri. L. M. Pylee: It is done by the University according to rules obtaining there.

Sri.. A. P. Udayabhanu: May I know, what is the percentage of marks allotted for interview?

Sri. L. M. Pylee. I claim notice.

Sri. N. Daniel Jose. Is the Government aware of the fact that *viva voce* examination in the Engineering College is often a farce?

Mr. Speaker: That question is disallowed as it contains an inference.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇഞ്ചിനീയറിംഗ് കോളേജിൽ പിന്നോക്കസമുദായക്കാർക്കു് സീറ്റുകൾ റിസർവ്വു് ചെയ്യണമെന്നു് ഇൻഡ്യാ ഗവൺമെന്റിൽനിന്നും വല്ല നിർദ്ദേശവും ഉണ്ടായിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly